LIBRARY ARCHIVES Kerala Legislative Assembly

വലുതുമായ 25000-ഓളം വാഹനങ്ങൾ ദിവസവും ഇതുവഴി കടന്നുപോകുന്നു. കോളേജുകളും, ഇന്റർനാഷണൽ ഐ.ടി.ഐ.യും ഉൾപ്പെടെ മുപ്പതിലധികം വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ പ്രദേശത്തുണ്ട്. ഏകദേശം 15000 വിദ്യാർത്ഥികൾ ഈ സ്ഥാപനങ്ങളിൽ പഠിക്കുന്നു. അമരവിളയ്ക്കും ധനുവച്ചപുരത്തിനും ഇടയിൽ എയ്യ കൊണ്ടാൻകാണിയിൽ റെയിൽവേ ലെവൽക്രോസ്സുണ്ട്. പലപ്പോഴും ടെയിൻ കടന്നുപോകാൻ ലെവൽ ക്രോസ്സ് അടയ്ക്കുന്നതിനാൽ മണിക്കൂറുകളോളം ഗതാഗതം തടസ്സപ്പെടുന്നു. ഇക്കാരണത്താൽ വിദ്യാർത്ഥികൾക്ക് കൃത്യസമയത്ത് സ്കൂളിലെത്താൻ കഴിയുന്നില്ല. ആംബുലൻസ് ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് കടന്നുപോകാൻ ട്രാഫിക് ബ്ലോക്ക് തടസ്സമാകുകയാണ്. അതുകൊണ്ട് ഈ ലെവൽക്രോസ്സിന് കുറുകെ ഒരു റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുക മാത്രമാണ് പരിഹാരം. അതിനാൽ ഇവിടെ ഒരു റെയിൽവേ മേൽപ്പാലം ഉടൻ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ സബ്മിഷനുമായി ബന്ധപ്പെട്ട് നേരത്തെ ഈ വിഷയം സംസാരിച്ചിട്ടുണ്ടായിരുന്നു. തെക്കൻ കേരളത്തിലെ പ്രധാന റെയിൽവേ റൂട്ടായ തിരുവനന്തപുരം-നാഗർകോവിൽ-കന്യാകുമാരി റെയിൽപ്പാത ഇരട്ടിപ്പിക്കലിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് റെയിൽവേയുടെ റിക്വിസിഷൻ ലഭിക്കാനുള്ള കാലതാമസം കാരണം പദ്ധതി മന്ദഗതിയിലാണ്. തിരുവനന്തപുരം-കന്യാകുമാരി റൂട്ടിലെ കഴിത്തുറ മുതൽ ഇരണിയൽ വരെയുള്ള ഭാഗങ്ങൾ തമിഴ്നാടിന്റെ ഭാഗമായതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആ സർക്കാരാണ് സ്വീകരിക്കേണ്ടത്. ഈ പദ്ധതിയിലുൾപ്പെടുത്തി അമരവിള-കാരക്കോണം റോഡിൽ എയ്യ കൊണ്ടാൻകാണിയിലെ ലെവൽക്രോസ് ഒഴിവാക്കി റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം, റെയിൽവേയുമായി കൂടിയാലോചിച്ച് നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് കത്തയയ്ക്കുന്നതാണ്. ഇതിനുമുമ്പും ഇക്കാര്യം ആവശ്യപ്പെട്ടതാണ്.

(9) സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കണ്ണൂർ ജില്ലാ ആസ്ഥാനത്തിന്റെ ഹൃദയഭൂമിയിൽ പ്രവർത്തിക്കുന്ന കണ്ണൂർ മണ്ഡലത്തിലെ ജില്ലാ ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. ജില്ലയുടെ വലിപ്പവും അതിന്റെ ആവശ്യകതയും കണക്കിലെടുത്ത് ജില്ലാ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി തലത്തിലേയ്ക്ക് ഉയർത്താൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ തീരുമാനിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തും അന്നത്തെ ആരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രിയുമുൾപ്പെടെ, മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു. ഒ.പി. വിഭാഗത്തിലെ തിരക്ക് ഒഴിവാക്കാനായി എയിംസ് മാതൃകയിൽ ഇലക്ട്രോണിക്സ് രജിസ്ട്രേഷൻ ഉൾപ്പെടെ ചികിത്സാ സൗകര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി അഡ്മിനിസ്ട്രേറ്റീവ് വിഭാഗം, സർജറി വിഭാഗം, ട്രോമാകെയർ, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം തുടങ്ങി വിവിധ വിഭാഗങ്ങൾക്കും രൂപം കൊടുത്തു. മാലിന്യസംസ്കരണം, ജലശുദ്ധീകരണം എന്നിവയ്ക്ക് വിപുലമായ പദ്ധതികളാണ് തയ്യാറാക്കിയത്. ഓക്സിജൻ ലഭ്യമാക്കുന്നതിന് സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് സംവിധാനം നിലവിലുണ്ട്. കോവിഡ് കാലത്ത് ഈ നിർമ്മാണ പ്രവർത്തനത്തിന്റെ പ്രാധാന്യം പ്രത്യേകിച്ച് പറയേണ്ടതായിട്ടില്ല. ഇത്തരത്തിൽ ബഹുമുഖ വികസന പ്രവർത്തനങ്ങൾക്ക് രൂപംകൊടുത്തുകൊണ്ട് ആദ്യഘട്ടത്തിൽ കിഫ്ബി മുഖേന 76 കോടി രൂപ അനുവദിക്കുകയും ചെയ്തു. ബി.എസ്.എൻ.എൽ.-നാണ് അതിന്റെ നിർമ്മാണ ചുമതല. അതിന്റെ പ്രവർത്തനങ്ങൾ ബി.എസ്.എൻ.എൽ.-ന് പൂർത്തീകരിക്കാൻ കഴിയുമോയെന്ന് അറിയില്ല. ഏതായാലും ജില്ലയുടെ സിരാകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ആശുപത്രി, അതിന്റെ ബഹുമുഖമായ വികസനപ്രവർത്തനങ്ങളുടെ അനിവാര്യത, കോവിഡ് കാലത്ത് ജനങ്ങൾക്ക് ആധുനിക സൗകര്യങ്ങൾ, ഡോക്ടർമാരുടെ ലഭ്യത എന്നിവ എല്ലാ വിഭാഗത്തിനും ഒരുപോലെ വേണ്ടിവരുന്ന ആവശ്യകത അത്രയേറെ വലുതാണ്. അതുകൊണ്ട് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ ദ്രുതഗതിയിൽ പ്രാവർത്തികമാക്കി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്നനിലയുള്ള ഈ വികസനപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, 1911-ൽ സ്ഥാപിതമായ ആശുപത്രിയാണ് കണ്ണൂർ ജില്ലാ പഞ്ചായത്തിനു കീഴിൽ പ്രവർത്തിച്ചുവരുന്ന കണ്ണൂർ ജില്ലാ ആശുപത്രി. ഈ ആശുപത്രിയിൽ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 616 ആണ്. 8 കെട്ടിടങ്ങളിലായാണ് ഈ ആശുപത്രി പ്രവർത്തിച്ചുവരുന്നത്. കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിനുമുമ്പ് പ്രതിദിന ശരാശരി ഒ.പി. 2500-നും 3000-നും ഇടയിലും ഐ.പി. 400-ഉം ആയിരുന്നു. കോവിഡ് തുടങ്ങിയതിനുശേഷം ഒ.പി.-യിലെത്തുന്ന രോഗികൾക്ക് കുറവുണ്ടായെങ്കിലും ഇപ്പോൾ ഏകദേശം 1200 മുതൽ 1500 വരെ രോഗികൾ പ്രതിദിനം എത്തുന്നുണ്ട്. ഈ ആശുപത്രിയിൽ കോവിഡ് ചികിത്സയോടൊപ്പം നോൺ കോവിഡ് ചികിത്സയും നൽകിവരുന്നുണ്ട്. കണ്ണൂർ ജില്ലാ ആശുപത്രിയുടെ സമഗ്രവികസനം കിഫ്ബിയിലുൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് 16-1-2017-ൽ 76.44 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകുകയും 24-9-2018-ൽ

LIBRARY ARCHIVES Kerala Legislative Assembly

കിഫ്ബിയിൽനിന്ന് 57.52 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തിരുന്നു. തുടർന്ന് 15-7-2020-ൽ പദ്ധതിയുടെ സാമ്പത്തികാനുമതി തുക 57.52 കോടി രൂപയിൽനിന്നും 63.48 കോടി രൂപയായി കിഫ്ബിയിൽനിന്നും പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചു. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ബി.എസ്.എൻ.എൽ. ആണ്. കിഫ്ബിയിൽനിന്ന് പ്രത്യേകാനുമതി വാങ്ങി 61.72 കോടി രൂപയ്ക്കുള്ള ടെണ്ടർ ക്ഷണിക്കുകയും (സിവിൽ വർക്ക് - 39.8 കോടി രൂപ, ഇലക്ട്രിക്കൽ വർക്ക് - 21.92 കോടി രൂപ) P&C Projects Private Limited എന്ന സ്ഥാപനത്തിന് ടെണ്ടർ നൽകുകയും ചെയ്തു. 2019 ജൂൺ 5-ന് നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സർജിക്കൽ ബ്ലോക്ക്, സ്ത്രീകളുടെയും കുട്ടികളുടെയും വാർഡിന്റെ നവീകരണം, സ്ത്രീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം, ഭൂമിക്കടിയിലുള്ള ജലസംഭരണി, പാർക്കിംഗ് സംവിധാനങ്ങൾ, ആശുപത്രിക്കുള്ളിലെ റോഡുകളുടെ നവീകരണം, കോമ്പൗണ്ട് വാൾ നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഈ വർഷം അവസാനത്തോടെ പദ്ധതിയുടെ പൂർത്തീകരണം ലക്ഷ്യമിട്ടിരുന്നെങ്കിലും പലവിധ കാരണങ്ങളാൽ നിർമ്മാണ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ രണ്ടാം നിലവരെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയശേഷം പഴയ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സർജിക്കൽ ബ്ലോക്ക് എന്നിവ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റിയശേഷം മാത്രമേ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും സർജിക്കൽ ബ്ലോക്കിന്റെയും നവീകരണം ആരംഭിക്കാൻ കഴിയുകയുള്ളൂ. പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച് വിശദമായ പരിശോധന നടത്തുകയും സമയബന്ധിതമായി അത് പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നതാണ്. പ്രസ്തുത പ്രവൃത്തി ഉൾപ്പെടെ ആരോഗ്യവകുപ്പിനുകീഴിലുള്ള പദ്ധതികൾ സംബന്ധിച്ച് ജോയിന്റ് സെക്രട്ടറി തലത്തിൽ ഒരുദ്യോഗസ്ഥനെ നിയോഗിച്ച് നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ട്.

(10) വളവന്നൂർ സി.എച്ച്.സി.-യുടെ പ്രവർത്തനം

<u>ശ്രീ. കുഞ്ഞാലി മൊയ്തീൻ</u>: സർ, വളവന്നൂർ സി.എച്ച്.സി.-യുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണമെന്നും നിലച്ചുപോയ കിടത്തി ചികിത്സ അടിയന്തരമായി തുടങ്ങണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് എന്റെ ഈ സബ്മിഷൻ. മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന കാലത്ത് മലബാർ ജില്ലയിലെ വളവന്നൂരിൽ ഒരു സർക്കാർ ആശുപത്രിക്കുവേണ്ടി നാട്ടിലെ പൗരപ്രമുഖരും അന്നത്തെ ഞങ്ങളുടെ നേതാക്കന്മാരും നടത്തിയ വലിയൊരു പരിശ്രമം 1961-ലാണ് പൂവണിഞ്ഞത്.